**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2121** **26-10-2026-ൽ മറുപടിയ്ക്ക്**

**ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതി**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. രാജീവ് ചന്ദ്രശേഖർ | ശ്രീ. കെ. എം. ഷാജി<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

**(എ)** ആറ്റുകാൽ ക്ഷേത്രപരിസരത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:**

സ.ഉ.(സാധ) നം. 2056/2008/തസ്വഭവ, തീയതി 22/07/2008 പ്രകാരം ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി അഡ്വൈസറി കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s. SIDCO-യെയും, അതിനുള്ള നോഡൽ ഏജൻസിയായി ടിഡയെയും ചുമതലപ്പെടുത്തിയിരുന്നു.

M/s. SIDCO-യുമായുള്ള എഗ്രിമെന്റ് പ്രകാരം ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാൻ, പ്രീ-ഫൈനൽ മാസ്റ്റർ പ്ലാൻ, ഫൈനൽ മാസ്റ്റർ പ്ലാൻ എന്നിങ്ങനെ നാല് ഘട്ടങ്ങളിലായി റിപ്പോർട്ടുകൾ തയ്യാറാക്കി . ഫൈനൽ മാസ്റ്റർ പ്ലാൻ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഒന്നാം ഘട്ടത്തിൽ ആറ്റുകാൽ ക്ഷേത്ര സമുച്ചയത്തോട് ബന്ധപ്പെട്ട ട്രസ്റ്റിന്റെ 22 ഏക്കർ ഉൾപ്പെടെ 50 ഏക്കർ ഭൂമി വികസിപ്പിച്ച ഭക്തർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, താമസ സൗകര്യം, ശുചിമുറികൾ, വിശ്രമ സ്ഥലങ്ങൾ, കല്യാണ മണ്ഡപങ്ങൾ, പാർക്കിംഗ് സൗകര്യം, എ.സി ഹാളുകൾ തുടങ്ങിയവ വികസിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

പദ്ധതി നടപ്പിലാക്കുന്നതിനായി സ്മെയിൽ I ഏരിയ തീർത്ഥാടന മേഖലയായി പ്രഖ്യാപിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ച ശേഷം, "ടെമ്പിൾ ഏരിയ ഇംപ്രൂവ്മെന്റ് പ്ലാൻ" എന്ന പേരിൽ ഒന്നാം ഘട്ട വികസനത്തിന്റെ രൂപരേഖ പ്രസിദ്ധീകരിച്ച്, ടെമ്പിൾ സിറ്റിയുടെ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി, ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് സ്കീം ഫൈനലൈസ് ചെയ്യുന്നതിന് നഗരാസൂത്രണ വകുപ്പിനെയും തിരുവനന്തപുരം നഗരസഭയെയും ചുമതലപ്പെടുത്തിയിരുന്നു.

**(ബി)** പ്രസ്തുത പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിർവഹണത്തിനായി ഇതുവരെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

**മറുപടി:** ഉണ്ട്.

ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട 2011-12 മുതൽ 2018-19 കാലയളവ് വരെയുള്ള വരവ് ചിലവ് വിവരങ്ങൾ ചുവടെ നൽകുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|

| | | |
|---|---|---|
| 2011-2012 | 12,00,00,000 | 4,80,48,903 |
| 2012-2013 | - | 5,25,25,583 |
| 2013-2014 | 3,57,70,000 | 3,55,85,549 |
| 2014-2015 | - | 1,50,58,639 |
| 2015-2016 | 7,91,100 | 50,00,213 |
| 2016-2017 | - | - |
| 2017-2018 | 8,15,000 | 279 |
| 2018-2019 | - | 8,17,200 |

**(സി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രദേശവാസികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും ഭൂമി ഏറ്റെടുക്കുന്നതിലെ ആശങ്കകളും പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സ്കെയിൽ-1 പ്രദേശത്തിന്റെ ഡാറ്റാബാങ്ക് പരിശോധനയിൽ ഏകദേശം 9.02 ഏക്കർ ( 3.55 ഹെക്ടർ) ചതുപ്പായി കാണപ്പെടുന്നു.കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 - പ്രകാരം വെറ്റ് ലാൻഡിന്റെ ഉപയോഗമാറ്റം അനുവദനീയമല്ല. സ്കീം ഏരിയയിൽ പലഭാഗങ്ങളിലായി wetland ഉള്ളതിനാൽ സ്കെയിൽ-1 പ്രൊപ്പോസൽസ് പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത കുറവാണ്.

തിരുവനന്തപുരം നഗരസഭയിൽ ആറ്റുകാൽ വികസനവുമായി ബന്ധപ്പെട്ട് ഡി.ടി.പി. സ്കീം തയ്യാറാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ടി പദ്ധതികൾ നടപ്പാക്കിയിട്ടില്ലെന്ന് നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ഡി)** പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മറുപടി:** സ്കെയിൽ-1 പ്രദേശത്തിന്റെ ഡാറ്റാബാങ്ക് പരിശോധനയിൽ ഏകദേശം 9.02 ഏക്കർ ( 3.55 ഹെക്ടർ) ചതുപ്പായി കാണപ്പെടുന്നു.കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 - പ്രകാരം വെറ്റ് ലാൻഡിന്റെ ഉപയോഗമാറ്റം അനുവദനീയമല്ല. സ്കീം ഏരിയയിൽ പലഭാഗങ്ങളിലായി wetland ഉള്ളതിനാൽ സ്കെയിൽ-1 പ്രൊപ്പോസൽസ് പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത കുറവാണ്.

തിരുവനന്തപുരം നഗരസഭയിൽ ആറ്റുകാൽ വികസനവുമായി ബന്ധപ്പെട്ട് ഡി.ടി.പി. സ്കീം തയ്യാറാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ടി പദ്ധതികൾ നടപ്പാക്കിയിട്ടില്ലെന്ന് നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**